പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3296 12.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്ന തൊഴിലാളികൾക്കും, NREGS ജീവനക്കാർക്കും വേതനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വേതനവിതരണത്തിൽ കാലതാമസം നേരിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വേതനം നൽകുന്നതിൽ കാലതാമസമുണ്ടായാൽ നഷ്ടപരിഹാരം ഉൾപ്പെടെ നൽകണമെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടോ; | (ബി) | തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തിട്ടുള്ള അവിദഗ്ദ്ധ തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ നഷ്ടപരിഹാരം നൽകണമെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | വേതനം മുടങ്ങിയ തൊഴിലാളികൾക്കും ജീവനക്കാർക്കും നഷ്ടം കൂടി ഉൾപ്പെടുത്തിക്കൊണ്ട് വേതനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന രീതിയിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള അർഹതാപരിശോധന നടത്തുകയും, അർഹരാണെന്ന് കണ്ടെത്തുന്ന അവിദഗ്ദ്ധ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ